ഉത്തരം

1998ൽ, 1,80,995 (ഒരു ലക്ഷത്തി എൺപതിനായിരിത്തി തൊള്ളായിരിത്തി തൊണ്ണൂറ്റി അഞ്ച്, വിദേശി വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചതായി കണക്കാക്കപ്പെടുന്നു. ഈ വകയിൽ 300 കോടി രൂപാ വരുമാനം ലഭിച്ചതായി താൽക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ അനുമാനിക്കുന്നു.

118 (2304) കെ.ടി.ഡി.സി.യുടെ പ്രവർത്തനങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.യുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) എത്ര നക്ഷത്രഹോട്ടലുകൾ ഓപ്പറേറ്റു ചെയ്യുന്നു; അവ ഏതെല്ലാം;

(സി) അവയിലെ മറ്റു സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇവയിലൊട്ടാകെ എത്ര സ്ഥിരം ജീവനക്കാർ പ്രവർത്തിക്കുന്നു;

(ഇ) താൽക്കാലിക ജോലിക്കാരായി എത്ര പേരുണ്ട്;

(എഫ്) കെ.ടി.ഡി.സി.യിലെ ഓരോ കാറ്റഗറിയിലേയും നിയമനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.ടി.ഡി.സി. ഇപ്പോൾ 14 ഹോട്ടലുകൾ, 5 യാത്രിനിവാസുകൾ, 14 മോട്ടലുകൾ, 37 റസ്റ്റോറന്റ് ആന്റ് ബിയർ പാർലറുകൾ, 4 റസ്റ്റോറന്റുകൾ, 2 ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ എന്നിവ നടത്തുന്നു. കൂടാതെ, മൂന്നാറിൽ ഒരു പുതിയ ഹോട്ടൽ നിർമ്മിക്കുകയും ബോൾഗാട്ടി പാലസ് ഹോട്ടൽ, കുമരകം ടൂറിസ്റ്റ് കോംപ്ലക്സ്, മസ്കറ്റ് ഹോട്ടൽ എന്നീ സ്ഥാപനങ്ങൾ വിപുലമാക്കുകയും ഉയർന്ന സ്റ്റാർ ക്ലാസിഫിക്കേഷനിലേക്ക് ആക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. കന്യാകുമാരി, ചെന്നൈ, ബേക്കൽ എന്നീ സ്ഥലങ്ങളിൽ ഹോട്ടലുകൾ നിർമ്മിക്കാനും കൂടുതൽ ലക്ഷ്വറി കോച്ചുകളും ബോട്ടുകളും വാങ്ങാനും ഉദ്ദേശമുണ്ട്. ഇതു കൂടാതെ വിനോദ സഞ്ചാരികൾക്കായി കണ്ടക്ടഡ് ടൂറുകളും നടത്തുന്നുണ്ട്.

(ബി) 8 എണ്ണം.

(1) മസ്ക്കറ്റ് ഹോട്ടൽ, തിരുവനന്തപുരം

(2) ഹോട്ടൽ സമുദ്ര, കോവളം, തിരുവനന്തപുരം

(3) അരണ്യ നിവാസ്, തേക്കടി

(4) ലെയ്ക് പാലസ്, തേക്കടി

(5) പെരിയാർ ഹൗസ്, തേക്കടി

(6) ബോൾഗാട്ടി പാലസ് ഹോട്ടൽ, കൊച്ചി

(7) ഹോട്ടൽ ചൈത്രം, തിരുവനന്തപുരം

(8) ഗാർഡൻ ഹൗസ്, മലമ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

(സി) നല്ല രീതിയിൽ സംവിധാനം ചെയ്തിട്ടുള്ള മുറികൾ, റെസ്റ്റോറന്റുകൾ, ബാർ, ബിയർ പാർലറുകൾ, സ്വിമ്മിംഗ് പൂൾ, കോൺഫറൻസ് ഹാൾ, ബ്യൂട്ടി സലൂണുകൾ, ഫ്ളവർ ഷോപ്പ്, ബുക്ക്ഷോപ്പ്, ട്രാവൽ കൗണ്ടർ, ബാങ്ക്, ഹാന്റി ക്രാഫ്റ്റ് ഷോപ്പ് എന്നീ സംവിധാനങ്ങളും ഈ സ്റ്റാർ ഹോട്ടലുകളിലുണ്ട്.

(ഡി) കെ.ടി.ഡി.സി. യിൽ ഇപ്പോൾ 700 സ്ഥിരം ജീവനക്കാരുണ്ട്.

(ഇ) 750 താൽക്കാലിക ജീവനക്കാരുണ്ട്.

(എഫ്) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

119 (2305) കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ നിയമനം

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ 1995 ൽ നിയമനം ലഭിച്ച റിസപ്ഷനിസ്റ്റ്, ഹൗസ് കീപ്പേഴ്സ് എന്നിവർക്ക് എത്ര വർഷത്തേയ്ക്കായിരുന്നു ട്രയിനിംഗ് നിശ്ചയിച്ചിരുന്നത്;

(ബി) ഇവരിൽ ചിലർക്ക് ട്രെയിനിംഗ് കാലയളവു ഒരു വർഷത്തിൽ നിന്നും രണ്ട് വർഷത്തേയ്ക്ക് അറിയിപ്പുപോലും നൽകാതെ നീട്ടിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതേ വർഷം നിയമിക്കിപ്പെട്ട മറ്റു ചിലർക്ക് ട്രെയിനിംഗ് കാലയളവ് ഒരു വർഷമായി കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് മാനദണ്ഡത്തിൽ എന്ന് വ്യക്തമാക്കുമോ;

(ഡി) രണ്ട് വർഷമാക്കപ്പെട്ട വിഭാഗം ജീവനക്കാർ പ്രസ്തുത തീരുമാനത്തിനെതിരെ നൽകിയ നിവേദത്തിന്മേൽ തീരുമാനമായോ; എങ്കിൽ എന്തായിരുന്നു തീരുമാനം;

(ഇ) ട്രെയിനിംഗ് കാലയളവിലെ ആർജ്ജിതാവധി ആദ്യവർഷം 1/22 വീതവും രണ്ടാംവർഷം 1/11 വീതവും കണക്കാക്കി അനുവദിക്കുമോ?

ഉത്തരം

(എ)&(ബി) കെ.ടി.ഡി.സി.യിൽ 1995 ൽ റിസപ്ഷനിസ്റ്റ്, ഹൗസ്കീപ്പർ എന്നീ തസ്തികകളിൽ ഒരു വർഷത്തെ ട്രെയിനിംഗ് നിശ്ചയിച്ച സ്ഥിര ഒഴിവിലേക്കാണ് നിയമനം നടത്തിയത്. എന്നാൽ പ്രസ്തുത നിയമനത്തെ ചോദ്യം ചെയ്ത് കേരളാ ഹൈക്കോടതിയിൽ ഒരു കേസ്സ് നിലവിലുണ്ടായിരുന്നതുകൊണ്ടും സർക്കാരിൽ നിന്നുള്ള ഉത്തരവ് കിട്ടാൻ വൈകിയതുകൊണ്ടും കെ.ടി.ഡി.സി. ട്രെയിനിംഗ് കാലയളവ് ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി കൊടുത്തിരുന്നു.

(സി) ഇതേ വർഷം നിയമിക്കപ്പെട്ട 4 റിസപ്ഷനിസ്റ്റുകളെ നിലവിലുണ്ടായിരുന്ന ഒഴിവിലേക്കാണ് നിയമിച്ചത്. അവരുടെ നിയമനത്തിന്റെ പേരിൽ കേസ്സ് ഇല്ലാതിരുന്നതുകൊണ്ടും ഗവൺമെന്റിന്റെ അനുമതി ആവശ്യമില്ലായി

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
406/2010.

LIBRARY ARCHIVES Kerala Legislative Assembly